2024
JUNE
07
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

## ലോക്സഭാംഗങ്ങളിൽ 504 പേർ കോടിപതികൾ

**105 പേരുടെ വിദ്യാഭ്യാസം അഞ്ചാം ക്ലാസിനും പന്ത്രണ്ടാം ക്ലാസിനുമിടയിൽ. 46% എംപിമാർക്കെതിരേ ക്രിമിനൽ കേസ്**

**ന്യൂഡൽഹി:** പതിനെട്ടാം ലോക്സഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ശരാശരി പ്രായം 56 ആയി കുറഞ്ഞു. 17ാം ലോക്സഭയുടെ ശരാശരി പ്രായം 59 ആയിരുന്നു. 11 ശതമാനം എംപിമാർ 40 വയസിൽ താഴെയുള്ളവരാണ്. 38 ശതമാനം 4155 പ്രായക്കാർ. ഡിഎംകെ എംപി ടി.ആർ. ബാലു (82) ആണ് സഭയിലെ കാരണവർ. എസ്പിയുടെ പുഷ്പേന്ദ്ര സരോജും പ്രിയ സരോജും സഭയിലെ കുട്ടികൾ. ഇരുവർക്കും പ്രായം 25 വയസ്. 46 ശതമാനം എംപിമാർക്കെതിരേ ക്രിമിനൽ കേസുകളുണ്ട്. 27 പേർ ശിക്ഷിക്കപ്പെട്ടവരാണ്. 170 പേർക്കെതിരേ തട്ടിക്കൊണ്ടുപോകൽ, ബലാത്സംഗം, വധം, വധശ്രമം തുടങ്ങിയ കേസുകളുണ്ട്. 2019ലെക്കാൾ അധികമാണ് ഗുരുതരമായ കേസ് നേരിടുന്നവരുടെ തോത്.

ബിജെപി എംപിമാരിൽ 94 പേർ (39%) ക്രിമിനൽ കേസ് നേരിടുന്നുണ്ട്. കോൺഗ്രസിൽ 49 പേർ (49%), എസ്പിയിൽ 21 പേർ (45%), തൃണമൂൽ കോൺഗ്രസിൽ 13 (45%), ഡിഎംകെയിൽ 13 (59%) എന്നിങ്ങനെയാണു ക്രിമിനൽ കേസ് നേരിടുന്നവരുടെ എണ്ണം. പുതിയ എംപിമാരിൽ 105 പേരുടെ വിദ്യാഭ്യാസം അഞ്ചാം ക്ലാസിനും പന്ത്രണ്ടാം ക്ലാസിനുമിടയിലാണ്. 420 പേർ ബിരുദമോ അതിനു മുകളിലോ നേടിയിട്ടുണ്ട്. 17 പേർക്ക് ഡിപ്ലോമ. ഒരാൾക്ക് സാക്ഷരത മാത്രം. ഭൂരിപക്ഷം എംപിമാരുടെയും തൊഴിലായി രേഖപ്പെടുത്തിയിട്ടുള്ളത് കൃഷിയും സാമൂഹിക സേവനവും. വിജയിച്ചവരിൽ 93 ശതമാനവും (504 പേർ) കോടിപതികളാണ്. 2019ൽ ഇത് 88 ശതമാനമായിരുന്നു. 5705 കോടിയുടെ ആസ്തിയുള്ള ടിഡിപിയുടെ ചന്ദ്രശേഖർ പെമ്മസാനിയാണ് സഭയിലെ സമ്പന്നരിൽ മുന്നിൽ. ആന്ധ്രപ്രദേശിലെ ഗുണ്ടൂരിൽ നിന്നുള്ള എംപിയാണ് അദ്ദേഹം. തെലങ്കാനയിലെ ചെവെല്ലയിൽ നിന്നുള്ള ബിജെപി എംപി കൊണ്ട വിശ്വേശ്വര റെഡ്ഡിക്ക് 4568 കോടിയുടെയും ഹരിയാനയിലെ കുരുക്ഷേത്രയിൽ നിന്നുള്ള ബിജെപി എംപി നവീൻ ജിൻഡാലിന് 1241 കോടിയുടെയും ആസ്തിയുണ്ട്.

## ബോയിംഗ് സ്റ്റാർലൈനർ പേടകം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തി

**വാഷിംഗ്ടൺ:** ബോയിംഗ് സ്റ്റാർലൈനർ പേടകം വിജയകരമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തി. ന്യൂ യോർക്ക് സമയം ഉച്ചക്ക് 1:34 നാണ് സ്റ്റാർലൈനർ ബഹിരാകാശ നിലയത്തിലെത്തിയത്.

അൽപസമയത്തിനുള്ളിൽ നാസയുടെ ബഹിരാകാശ യാത്രികരായ സുനിത വില്യംസും ബുച്ച് വിൽമോറും ബഹിരാകാശ നിലയത്തിൽ പ്രവേശിക്കും. ഏകദേശം 27 മണിക്കൂർ യാത്ര ചെയ്താണ് പേടകം നിലയത്തിൽ എത്തിയത്.

ഇന്നലെ രാത്രി 8.22 നായിരുന്നു വിക്ഷേപണം. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള യാത്ര തുടരുന്നതിനിടെ ബോയിംഗ് സ്റ്റാർലൈനർ പേടകത്തിൽ വീണ്ടും ഹീലിയം ചോർച്ച ഉണ്ടായിരുന്നു. ഹീലിയം ചോർച്ച മൂലം മുൻപ് രണ്ട് തവണ പേടകത്തിൻറെ വിക്ഷേപണം മാറ്റിവച്ചിരുന്നു.



## പക്ഷിപ്പനി ബാധിച്ച് ആദ്യമരണം മെക്സിക്കോയിൽ

**വാഷിംഗ്ഡൺ ഡിസി:** പക്ഷിപ്പനിയുടെ അപൂർവ വകഭേദമായ എച്ച്5എൻ2 ബാധിച്ച് മെക്സിക്കോയിൽ മധ്യവയസ്കൻ മരിച്ചെന്ന് ലോകാരോഗ്യസംഘടന (ഡബ്ല്യുഎച്ച്ഒ).

മനുഷ്യരിൽ ആദ്യമായാണ് എച്ച്5എൻ2 വൈറസ് ബാധിക്കുന്നത്. പക്ഷിപ്പനി ബാധിച്ച് മരിക്കാനുള്ള സാധ്യത തീരെ കുറവാണെന്നും വൈറസിൻറെ ഉറവിടം അജ്ഞാതമാണെന്നും ഡബ്ല്യുഎച്ച്ഒ അറിയിച്ചു.

പനി, ശ്വാസതടസം, വയറിളക്കം തുടങ്ങിയ ലക്ഷണങ്ങൾ കലശലായതോടെ ഏപ്രിൽ 24നാണ് രോഗിയെ മെക്സിക്കോസിറ്റിയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. അന്നുതന്നെ മരിക്കുകയും ചെയ്തു. തുടർന്ന് നടത്തിയ പരിശോധനയിലാണ് എച്ച്5എൻ2 സ്ഥിരീകരിച്ചത്.

## വിപണി മൂല്യത്തിൽ ആപ്പിളിനെ മറികടന്ന് എൻവിഡിയ

**മുംബൈ:** ഐഫോണുകളുടെ നിർമാതാക്കളായ ആപ്പിളിനെ മൂല്യത്തിൽ പിന്തള്ളി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ചിപ്പ് നിർമാതാക്കളായ എൻവിഡിയ. ലോകത്തെ ഏറ്റവും മൂല്യമുള്ള കമ്പനികളിൽ രണ്ടാമനെന്ന സ്ഥാനമാണ് ആപ്പിളിന് ഒരൊറ്റ ദിവസം കൊണ്ട് എൻവിഡിയയ്ക്കു മുന്നിൽ നഷ്ടമായത്. മൂല്യത്തിൽ ഒന്നാം സ്ഥാനത്ത് മൈക്രോസോഫ്റ്റ് ആണ്.




3.012 ലക്ഷം കോടി ഡോളറാണ് (250 ലക്ഷം കോടി രൂപ) എൻവിഡിയയുടെ വിപണി മൂല്യം. ആപ്പിളിൻറേത് 3.003 ലക്ഷം കോടി ഡോളറും. ഒന്നാം സ്ഥാനത്തുള്ള മൈക്രോസോഫ്റ്റിൻറെ മൂല്യം 3.15 ലക്ഷം കോടി ഡോളറാണ്. കമ്പനിയുടെ ഓഹരികൾ വിഭജിക്കാൻ തീരുമാനിച്ചതാണ് എൻവിഡിയയുടെ പെട്ടെന്നുള്ള കുതിപ്പിന് കാരണം. വെള്ളിയാഴ്ച മുതൽ ഇത് പ്രാബല്യത്തിൽ വരും. ഐഫോൺ വിപണിയിൽ അവതരിപ്പിച്ചതു മുതലുണ്ടായിരുന്ന ആധിപത്യമാണ് എൻവിഡിയയുടെ കുതിപ്പിൽ ആപ്പിളിന് നഷ്ടമായത്. എൻവിഡിയയുടെ ഓഹരികൾ 2024ൽ 147 ശതമാനമാണ് നേട്ടമുണ്ടാക്കിയത്. മേയ് 22ന് ശേഷമുള്ള വളർച്ച 30 ശതമാനമാണ്. എഐ മേഖലയിലുണ്ടായ കുതിപ്പ് കമ്പനിയുടെ വരുമാനത്തിലും പ്രതിഫലിച്ചു. ബുധനാഴ്ച 5.2 ശതമാനം ഉയർന്ന് 1,244.40 ഡോളറിലാണ് എൻവിഡിയ ഓഹരികൾ വ്യാപാരം അവസാനിപ്പിച്ചത്. ചരിത്രത്തിലാദ്യമായാണ് ഒരു കംപ്യൂട്ടർ ചിപ്പ് കമ്പനി മൂല്യത്തിൽ 3 ട്രില്യൺ ഡോളറിലേക്ക് എത്തുന്നത്.

കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് 3,266 ശതമാനം വളർച്ചയാണ് എൻവിഡിയ ഓഹരികൾക്കുണ്ടായത്. 2019 ജനുവരി വരെ ജപ്പാനീസ് നിക്ഷേപക സ്ഥാപനമായ സോഫ്റ്റ്ബാങ്കിന് ഓഹരി പങ്കാളിത്തമുണ്ടായിരുന്നു. അന്ന് വെറും 3,300 കോടി ഡോളറിന് അവർ ഓഹരികൾ വിറ്റൊഴിവാകുകയായിരുന്നു.

ഗെയ്മിങ്, ഡേറ്റ സെൻററുകൾ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ഓട്ടോണോമസ് വാഹനങ്ങൾ എന്നിവയ്ക്കുള്ള ഗ്രാഫിക്സ് പ്രോസസിങ് യൂണിറ്റുകൾ നിർമിക്കുന്നതാണ് എൻവിഡിയയുടെ പ്രധാന ബിസിനസ്. ടെക്നോളജി കമ്പനികൾ അവരുടെ ഉത്പന്നങ്ങളിലും സേവനങ്ങളിലും നിർമിത ബുദ്ധിയെ ഉൾപ്പെടുത്തി തുടങ്ങിയതോടെയാണ് കമ്പനിയുടെ വളർച്ച പതിന്മടങ്ങ് വേഗത്തിലായത്.



# ടിവിഎസ് യൂറോഗ്രിപ്പ് സ്റ്റീൽ ബെൽറ്റഡ് അഗ്രോ ഇൻഡസ്ട്രിയൽ റേഡിയൽ ടയറുകൾ പുറത്തിറക്കി

**ന്യൂഡൽഹി:** മുൻനിര ടയർ നിർമ്മാതാക്കളും കയറ്റുമതിക്കാരുമായ ടിവിഎസ് ശ്രീചക്ര, ടു ത്രീ വീലർ, ഓഫ്ഹൈവേ ടയർ എന്നിവയുടെ സ്റ്റീൽ ബെൽറ്റഡ് അഗ്രോ ഇൻഡസ്ട്രിയൽ റേഡിയൽ ടയർ ജർമ്മനിയിലെ കൊളോണിലെ ടയർ ഷോയിൽ പുറത്തിറക്കി.

പുതുതായി പുറത്തിറക്കിയ സ്റ്റീൽ ബെൽറ്റഡ് അഗ്രോ ഇൻഡസ്ട്രിയൽ റേഡിയൽ ടയർ ഈ വിഭാഗത്തിലെ അത്തരത്തിലുള്ള ആദ്യത്തെ ഉൽപ്പന്നമാണ്. പ്രധാനമായും ടെലിസ്കോപ്പിക് ഹാൻഡ്ലറുകൾ, കോംപാക്റ്റ് വീൽ ലോഡറുകൾ, കാർഷിക, വ്യാവസായിക ആപ്ലിക്കേഷനുകളിൽ ഏർപ്പെട്ടിരിക്കുന്ന ബാക്ക്ഹോ ലോഡറുകൾ എന്നിവയിൽ ഉപയോഗിക്കുന്നതിന് രൂപകൽപ്പന ചെയ്തിരിക്കുന്ന ടയറുകളാണിവ.

ഇരുചക്രവാഹന വിഭാഗത്തിൽ, ബീ കണക്ട്, റോഡ്ഹൗണ്ട്, പ്രോട്ടോർക്ക് എക്സ്ട്രീം എന്നിവ പ്രദർശിപ്പിച്ചു. ദൈനംദിന നഗര സവാരിക്കുള്ള സ്കൂട്ടർ ടയറുകളിൽ മികച്ചതാണ് ബീ കണക്ട് ശ്രേണി. കാഡ്രാസോൺ സാങ്കേതികവിദ്യയുള്ള സ്പോർട്സ് ടൂറിങ്ങിനുള്ള ഉയർന്ന പ്രകടനമുള്ള ടയറാണ് റോഡ്ഹൗണ്ട്. യൂറോഗ്രിപ്പിന്റെ സ്റ്റീൽ ബെൽറ്റ് റേഡിയൽ ആണ് പ്രോടോർക് സ്ട്രെയിം ട്രാക്കിനും റോഡ് ഉപയോഗത്തിനും യോജിക്കുന്ന ഒരു സ്പേർട്ടി ടയറാണ്. ഓഫ്റോഡ് ശ്രേണിയിൽ ക്ലൈംബർ എക്സ്!സി, ക്ലൈംബർ എക്സ്!സി ആർ, ക്ലൈംബർ എഎംഎക്സ് ജൂനിയർ എന്നിവ ഉൾപ്പെടുന്നു.

ടൈഗർട്രാക് എആർ 800 ട്രാക്റ്റർ റേഡിയൽ, ആർസി 900 റോക്രോപ്പ് റേഡിയൽ, വിഎഫ് (വെരി ഹൈ ഫെൽക്സിയോൺ) സാങ്കേതികവിദ്യയുള്ള എച്ച്എസ് 3000 റേഡിയൽ ടയർ, എച്ച്എസ് 1000 ആർ തുടങ്ങിയ പ്രൈം മൂവർ പാറ്റേണുകൾ ഉൾപ്പെടെ, കമ്പനി തങ്ങളുടെ മുഴുവൻ കാർഷിക റേഡിയൽ പാറ്റേണുകളും എക്സ്പോയിൽ പ്രദർശിപ്പിച്ചു.

# പാലരുവി ജലപാതം വീണ്ടും തുറന്നു

**ആര്യങ്കാവ് :** രണ്ടുമാസത്തെ ഇടവേളയ്ക്ക് ശേഷം പാലരുവി വെള്ളച്ചാട്ടം വിനോദ സഞ്ചാരികൾക്കായി വീണ്ടും തുറന്നു.



വേനൽ കടുത്തതോടെ പാലരുവിയിൽ നീരൊഴുക്ക് പൂർണമായും നിലച്ചിരുന്നു. ഇതോടെയാണ് മാർച്ച് 28 ന് പാലരുവി ഇക്കോടൂറിസം അടയ്ക്കുകയും വിനോദ സഞ്ചാരികൾക്ക് പ്രവേശനം നിരോധിക്കുകയും ചെയ്തത്.

എന്നാൽ കഴിഞ്ഞ കുറച്ചു ദിവസങ്ങളായി മലയോര മേഖലയിൽ മഴ ശക്തമായിരുന്നു. ഇതോടെ പാലരുവി വെള്ളച്ചാട്ടത്തിൽ നീരൊഴുക്കും വർധിച്ചു. ഇതോടെയാണ് വീണ്ടും പാലരുവി തുറക്കാനും വിനോദ സഞ്ചാരികളെ പ്രവേശിപ്പിക്കാനും വനം വകുപ്പ് തീരുമാനിച്ചത്.

ഇവിടെയെത്തുന്ന വിനോദ സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ എല്ലാം ഒരുക്കിയിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കി. സ്വകാര്യ വാഹനങ്ങൾ ഉള്ളിലേക്ക് കടത്തിവിടില്ല.

നിലവിൽ വിനോദ സഞ്ചാരികളെ വെള്ളച്ചാട്ടം കാണുന്നതിനായി കൊണ്ടുപോയി തിരികെ എത്തിക്കുന്നതിനായി മൂന്നു ബസുകൾ ഒരുക്കിയിട്ടുണ്ട്. തിരക്ക് കൂടുന്നതനുസരിച്ചു കൂടുതൽ ബസുകൾ എത്തിക്കും.

ഒരാൾക്ക് എഴുപതുരൂപയാണ് ചാർജ്. വിദ്യാർഥികൾക്കും കുട്ടികൾക്കും ഇളവുണ്ടാകും. സുരക്ഷാ ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. തെന്മല ഡി എഫ് ഒ ഷാനവാസിൻറെ നേതൃത്വത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പടെ പരിശോധിച്ച ശേഷമാണ് വ്യാഴാഴ്ച മുതൽ പാലരുവി ഇക്കോടൂറിസം തുറന്നത്.

ആദ്യ ദിനം തന്നെ വലിയ തിരക്കാണ് അനുഭവപ്പെട്ടത്. തമിഴനാട്ടിൽ നിന്നും എത്തിയവരാണ് ഏറെയും.

ജൂൺ, ജൂലൈ മാസങ്ങളിൽ സഞ്ചാരികളുടെ വലിയ ഒഴുക്ക് പലരുവിയിലേക്ക് ഉണ്ടാകും എന്നാണ് അധികൃതരുടെ പ്രതീക്ഷ

# മെട്രോ റെയിൽ തൃശൂരിലേക്കു നീട്ടാൻ ശ്രമം തുടരും: സുരേഷ് ഗോപി

**തൃശൂർ:** മെട്രോ റെയിൽ തൃശൂരിലേക്കു നീട്ടണമെന്നു കഴിഞ്ഞ അഞ്ചുവർഷമായി താൻ പറയുന്നുണ്ടെന്നും വിദഗ്ധരുമായി ആലോചിച്ച് ശ്രമം തുടരുമെന്നും നിയുക്ത എംപി സുരേഷ് ഗോപി. കഴിഞ്ഞ കുറേ വർഷമായി ലോക്നാഥ് ബെഹ്റയുമായി ഇക്കാര്യം സംസാരിക്കുന്നുണ്ട്. സാങ്കേതികകാര്യങ്ങൾ പഠിക്കുന്നുണ്ട്. അന്നു മെട്രോ അംബാസിഡറാക്കാൻ നോക്കിയപ്പോൾ അതു ചാണകമാകുമെന്നു പറഞ്ഞു. ഇനിയിപ്പോ അവർ പാർലമെൻറിൽ ഈ ചാണകത്തെ സഹിക്കട്ടെയെന്നും സുരേഷ് ഗോപി പറഞ്ഞു.



തൃശൂരിൻറെ ഗതാഗതക്കുരുക്കിനു പരിഹാരം കാണാൻ മണ്ണുത്തിയിൽനിന്നും പുഴയ്ക്കൽവഴി ചങ്ങരംകുളത്തേക്കൊരു ക്രോസ് ഹൈവേ പദ്ധതിയെക്കുറിച്ച് കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. ഇതു നടപ്പായാൽ തൃശൂരിൽ ഈസി ട്രാഫിക് സാധ്യമാകും. തൃശൂർ പൂരത്തിന് ഇനി പുതിയ സ്ക്രിപ്റ്റുണ്ടാകും. ആളുകളുടെ മനസിൽ വീണ ആമാലിന്യം നീക്കി ശുദ്ധീകരിച്ച് സുഗന്ധപൂരിതമാക്കും. പൂരം വിവാദത്തിൻറെ പേരിൽ കളക്ടറെയും കമ്മീഷണറെയും മാറ്റരുതെന്നും അവരെ നിലനിർത്തിക്കൊണ്ടുതന്നെ പൂരം നടത്തണമെന്നും അദ്ദേഹം പറഞ്ഞു. ഇക്കാര്യം കഴിഞ്ഞ ദിവസംതന്നെ കളക്ടറോടു പറഞ്ഞിട്ടുണ്ട്. എല്ലാ പാർട്ടിക്കാരും തനിക്കു വോട്ടു ചെയ്തുവെന്നും എസ്ഡിപിഐയിൽനിന്ന് ആറു വോട്ടുകിട്ടിയെന്നും ആ കുടുംബത്തെ സരക്ഷിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## കുസാറ്റിൽ ഗസ്റ്റ് അധ്യാപക അഭിമുഖം ജൂൺ 11ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക നിയമനത്തിന് അഭിമുഖം നടത്തുന്നു. സ്റ്റാറ്റിസ്റ്റിക്സിൽ എം.എസ്.സി ഉള്ളവർക്ക് അപേക്ഷിക്കാം. പി.എച്ച്.ഡി/നെറ്റ് എന്നിവ അഭികാമ്യം. താൽപര്യമുള്ളവർക്ക് അസ്സൽ രേഖകൾ സഹിതം ജൂൺ 11 ന് രാവിലെ 10 മണിയ്ക്ക് ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റാറ്റിസ്റ്റിക്സിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## മത്സ്യകൃഷി അവാർഡുകൾക്ക് അപേക്ഷിക്കാം

**കൊച്ചി:** ഫിഷറീസ് വകുപ്പ് നൽകുന്ന വിവിധ മത്സ്യകൃഷി അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഓരുജല മത്സ്യകർഷകൻ, ശുദ്ധജല മത്സ്യ കർഷകൻ, ചെമ്മീൻ കർഷകൻ, നൂതന മത്സ്യകൃഷി നടപ്പിലാക്കുന്ന കർഷകൻ, അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ് കർഷകൻ, പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉൽപാദന യൂണിറ്റ് കർഷകൻ, തദ്ദേശസ്വയംഭരണ സ്ഥാപനം, അക്വാകൾച്ചർ പ്രൊമോട്ടർ, പ്രോജക്ട് കോഓഡിനേറ്റർ എന്നീ വിഭാഗങ്ങളിലാണ് അവാർഡ്. സംസ്ഥാന കേന്ദ്ര സർക്കാർ ധനസഹായ പദ്ധതികളിലൂടെയും സ്വന്തമായും മത്സ്യകൃഷിയിലേർപ്പെടുന്നവർക്കും അപേക്ഷിക്കാം. അപേക്ഷ ജൂൺ 15 വൈകിട്ട് നാലിനകം നൽകണം. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫിഷറീസ് ജില്ലാ ഓഫീസ്, എറണാകുളം, മത്സ്യഭവനുകൾ എന്നിവിടങ്ങളിൽ ലഭിക്കും. ഫോൺ: 0484 2394476

## മേട്രൺ ഒഴിവ്

**കൊച്ചി:** എറണാകുളം ഗവ. മഹിളാ മന്ദിരത്തിലെ സ്ഥിരനിയമനത്തിലുള്ള മേട്രൺ അവധിയിൽ പ്രവേശിക്കുമ്പോഴും പ്രതിവാര ഓഫിനും ഉണ്ടാകുന്ന ഒഴിവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയും 45 വയസ് വരെ പ്രായപരിധിയിലുള്ള സ്ത്രീകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷ, സ്കൂൾ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവയുടെ പകർപ്പ് സഹിതം സൂപ്രണ്ട്, ഗവ. മഹിളാ മന്ദിരം, പൂണിത്തുറ പി.ഒ., ചമ്പക്കര 682038 എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 19 വൈകിട്ട് അഞ്ച്. കൂടുതൽ വിവരങ്ങൾക്ക്: 0484 2303664, 9495353572.

## കെ ടെറ്റ് സർട്ടിഫിക്കറ്റ് വിതരണം

**കൊച്ചി:** ജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിൽ വരുന്ന 2024 മാർച്ച് വരെ കെ ടെറ്റ് സർട്ടിഫിക്കറ്റ് വെരിഫിക്കേൻ നടത്തിയ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിതരണം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ വെള്ളിയാഴ്ച്ച മുതൽ (ജൂൺ 7).

## ലോഗോ ക്ഷണിച്ചു

**കൊച്ചി:** കേരള വനഗവേഷണ സ്ഥാപനം സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ലോഗോ ക്ഷണിച്ചു. വനഗവേഷണത്തെയും വിജ്ഞാന വ്യാപനത്തെയും ലക്ഷ്യമിടുന്ന വിവിധങ്ങളായ പരിപാടികളാണ് സുവർണ്ണ ജൂബിലി വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ലോഗോയ്ക്ക് സാക്ഷ്യപത്രവും ഫലകവും സമ്മാനിക്കും. ഒരാൾക്ക് പരമാവധി 3 സൃഷ്ടികൾ വരെ അയക്കാം. സൃഷ്ടികൾ ജൂൺ 15 വൈകിട്ട് അഞ്ചിന് മുമ്പ് training@kfri.org വിലാസത്തിൽ അയക്കണം. വൈകി ലഭിക്കുന്ന ലോഗോ പരിഗണിക്കുന്നതല്ല.

## മൗലിക സൃഷ്ടികൾ ക്ഷണിച്ചു

**കൊച്ചി:** കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, എൻവയോൺമെന്റൽ ഇൻഫർമേഷൻ അവേർനസ് കപ്പാസിറ്റി ബിൽഡിംഗ് ആന്റ് ലൈവ്‌ലിഹുഡ് പ്രോഗ്രാം കേരള, മിനിസ്ട്രി ഓഫ് എൻവയോൺമെൻ ഫോറസ്റ്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് ഗവൺമെന്റ് ഓഫ് ഇന്ത്യ, കേരള വനഗവേഷണ സ്ഥാപനം, എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ലേഖനം, കാർട്ടൂൺ എന്നിവ ക്ഷണിച്ചു. ' ഇലക്ട്രിക് പാഴ്‌വസ്തുക്കൾ ' എന്ന വിഷയത്തിൽ മലയാളത്തിലെഴുതിയ 500 വാക്കിൽ കവിയാത്ത ലേഖനവും കാർട്ടൂണുമാണ് പരിഗണിക്കുക.

6 മുതൽ 8 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് അവസരം. തിരഞ്ഞെടുക്കപ്പെടുന്ന സൃഷ്ടികൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കും. പ്രധാന അധ്യാപിക / അധ്യാപകന്റെ സാക്ഷ്യപത്രത്തോടൊപ്പം സൃഷ്ടികൾ സ്കാൻ ചെയ്ത് ഇ മെയിലായി അയക്കണം.

അയക്കേണ്ട വിലാസം training@kfri.org. രചനകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 20 വൈകിട്ട് 5.30. വൈകി ലഭിക്കുന്ന സൃഷ്ടികൾ സ്വീകരിക്കുന്നതല്ല.

# പ്രകൃതിക്കെതിരെ മനുഷ്യന് പ്രവർത്തിക്കാൻ സാധ്യമല്ല: ഡോ. ടി വി സജീവ്

**തൃശൂർ:** പ്രകൃതിയോടൊപ്പം മാത്രമേ മനുഷ്യന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളുവെന്നും പ്രകൃതിക്കെതിരെ സാധ്യമല്ലെന്നും കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചീഫ് സയന്റിസ്റ്റ് ഡോ. ടി വി സജീവ് പറഞ്ഞു. ആഗോള പരിസ്ഥിതി, ജല, പാർപ്പിടദിനങ്ങളിൽ അസറ്റ് ഹോംസ് സംഘടിപ്പിച്ചു വരുന്ന ബിയോണ്ട് സ്ക്വയർ ഫീറ്റ് (ബിഎസ്എഫ്) പ്രഭാഷണപരമ്പരയിലെ 28ാമത് പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു ഡോ. സജീവ്.എല്ലാ മനുഷ്യരും സ്വാഭാവികമായി പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ ആഗ്രഹിക്കുന്നവരാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. എന്നാൽ ഇത് തിരിച്ചറിയാതെ പ്രകൃതിസമ്പത്ത് അമിതമായി ദുരുപയോഗം ചെയ്ത് ജീവിക്കുകയാണ് നമ്മൾ.




ഉദാഹരണത്തിന് കേരളത്തിൽ മതിലു നിർമാണത്തിനു ചെലവാക്കുന്ന അസംസ്കൃതവസ്തുക്കളുപയോഗിച്ച് ഒന്നു രണ്ട് അയൽസംസ്ഥാനങ്ങളിലെ പാർപ്പിടമില്ലാത്ത മുഴുവൻ പേർക്കും വീടുവെച്ചു നൽകാനാവും എന്ന സ്ഥിതിയാണുള്ളത്. ചൈന സന്ദർശനവേളയിൽ ബീജിംഗിൽ മതിൽനിർമാണം നിരോധിച്ചിരിക്കുന്നതു കണ്ടു. കേരളവും ആ വഴിക്ക് ആലോചിക്കണമെന്നും അദ്ദേഹം പറഞ്ഞു.

അസറ്റ് ഹോംസ് തിരുവനന്തപുരത്ത് നടപ്പാക്കുന്ന 136 പാർപ്പിട യൂണിറ്റുള്ള പുതിയ പദ്ധതിയുടെ ഭാഗമായി ഉപയോക്താക്കൾ അതേ പ്രോപ്പർട്ടിയിൽത്തന്നെ 136 മരങ്ങൾ നടുകയെന്ന സുസ്ഥിര ജീവന മാതൃക നടപ്പാക്കുകയാണെന്ന് ചടങ്ങിൽ ആമുഖ പ്രഭാഷണം നടത്തിയ അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ വി സുനിൽ കുമാർ പറഞ്ഞു.

# ഒളിമ്പ്യാഡ് അവാർഡ്: കൊച്ചിയിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് നേട്ടം




കീർത്തി മഞ്ജിത്ത്, ശിവറാം എസ്

**കൊച്ചി:** 2023-24 ലെ എസ്ഒഎഫ് ഒളിമ്പ്യാഡ് പരീക്ഷയിൽ കൊച്ചിയിൽ നിന്നുള്ള രണ്ട് വിദ്യാർത്ഥികൾ മികച്ച റാങ്കുകൾ കരസ്ഥമാക്കി. ഇംഗ്ലീഷ് ഒളിമ്പ്യാഡിൽ ഭവൻസ് വിദ്യാ മന്ദിറിലെ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയായ കീർത്തി മഞ്ജിത്ത് ഒന്നാം റാങ്കും അന്താരാഷ്ട്ര സ്വർണ്ണ മെഡലും മെറിറ്റ് സർട്ടിഫിക്കറ്റും കരസ്ഥമാക്കി. ദേശീയ സയൻസ് ഒളിമ്പ്യാഡിൽ അലൻ കരിയർ ഇൻസ്റ്റിറ്റ്യൂട്ടിലെ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥിയായ ശിവറാം എസ് ഒന്നാം റാങ്കും അന്താരാഷ്ട്ര സ്വർണ്ണ മെഡലും മെറിറ്റ് സർട്ടിഫിക്കറ്റും നേടി. ഈ വർഷത്തെ എസ്ഒഎഫ് ഒളിമ്പ്യാഡിന് കൊച്ചിയിൽ നിന്നുള്ള 19,211 വിദ്യാർഥികൾ ഉൾപ്പെടെ 70 രാജ്യങ്ങളിൽ നിന്നായി ദശലക്ഷക്കണക്കിന് വിദ്യാർഥികൾ പങ്കെടുത്തു.ന്യൂഡൽഹിയിൽ നടന്ന അവാർഡ് ചടങ്ങിൽ വിജയികളെയും അവരുടെ അധ്യാപകരെയും പ്രിൻസിപ്പലുകളെയും ആദരിച്ചു. മുൻ വിക്രം സാരാഭായ് ഐ.എസ്.ആർ.ഒ. പ്രൊഫസറും വിഷനറി ശാസ്ത്രജ്ഞനുമായ പ്രൊഫ. വൈ.എസ്.രാജൻ മുഖ്യാതിഥിയായിരുന്ന ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ (ഐസിഎസ്ഐ) സെക്രട്ടറി സി എസ് ആശിഷ് മോഹൻ, എപിയൻസ് സോഫ്റ്റ്വെയർ പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപകൻ ശ്രീ ആർ. രവി, മുൻ ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ ജസ്റ്റിസ് ദീപക് മിശ്ര, പ്രശസ്ത എഴുത്തുകാരനും തിരക്കഥാകൃത്തുമായ ചേതൻ ഭഗത് തുടങ്ങിയവർ പങ്കെടുത്തു.ഒളിമ്പ്യാഡ് പരീക്ഷകൾ സംഘടിപ്പിച്ച് 26 വർഷം പൂർത്തിയാക്കിയതായി എസ്ഒഎഫ് സ്ഥാപക ഡയറക്ടർ മഹാബീർ സിംഗ് അറിയിച്ചു. ഈ അധ്യയന വർഷം 70 രാജ്യങ്ങളിൽ നിന്നുള്ള ദശലക്ഷക്കണക്കിന് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന 91,000 സ്കൂളുകളുടെ പങ്കാളിത്തത്തിന് സാക്ഷ്യം വഹിച്ചു. 7000 സ്കൂളുകളിൽ നിന്നുള്ള 1,30,000ലധികം വിദ്യാർത്ഥികൾക്ക് മികച്ച സംസ്ഥാന തല റാങ്കുകൾക്കുള്ള അവാർഡുകൾ ലഭിച്ചു, കൂടാതെ 1,000,000ത്തിലധികം വിദ്യാർത്ഥികൾക്ക് അവരുടെ സ്കൂളുകളിൽ മികവ് തെളിയിച്ചതിന് 'ഗോൾഡ് മെഡൽസ് ഓഫ് എക്സലൻസ്' നൽകി ആദരിച്ചു. അറിവ് വർധിപ്പിക്കുന്നതിനുള്ള അർപ്പണബോധത്തിനുള്ള അംഗീകാരമായി 3,500 പ്രിൻസിപ്പൽമാരെയും അധ്യാപകരെയും ചടങ്ങിൽ ആദരിച്ചു.




# ലോക പരിസ്ഥിതി ദിനം ആചരിച്ചു

**കൊച്ചി:** ലോക പരിസ്ഥിതി ദിനം പ്രമാണിച്ച് പീപ്പിൾസ് ലീഗൽ വെൽഫെയർ ഫോറവും, കേരള സംസ്ഥാന വനം വന്യജീവി വകുപ്പും, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു.

ജി സി ഡി എ ചെയർമാൻ കെ ചന്ദ്രൻപിള്ള ഉദ്ഘാടനം നിർവഹിച്ചു.

കൊച്ചി മെട്രോ റെയിൽ മാനേജിംഗ് ഡയറക്ടർ ലോകനാഥ് ബെഹറ മുഖ്യ അഥിതി ആയിരുന്നു.

പി എൽ ഡബ്ല്യൂ എഫ് നാഷണൽ ചെയർമാൻ ഡോ. ജസ്റ്റിസ് കെ. നാരയണക്കുറുപ്പ് അധ്യക്ഷത വഹിച്ചു. പീപ്പിൾസ് ലീഗൽ വെൽഫെയർ ഫോറം നാഷ്ണൽ എക്സിക്യൂട്ടീവ് ചെയർമാൻ ഡോ. ജസ്റ്റിസ്. കെ. സുകുമാരൻ, ജസ്റ്റിസ്. പി. എസ്. ഗോപിനാഥൻ, കേരള ഫോറെസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രിസിപ്പൽ സയന്റിസ്റ്റ് ഡോ. എ. വി. രഘു മുഖ്യ പ്രഭാഷണം നടത്തി.

അസിസ്റ്റന്റ് ഫോറെസ്റ്റ് കോണ്സെർവേറ്റർ കെ. ആർ.വീണദേവി, ബാർ കൗൺസിൽ മെമ്പർ അഡ്വ. നാഗരാജ് നാരായണൻ, മുൻ കൊച്ചി മേയർ സൗമിനി ജെയിൻ, സീനിയർ അഡ്വ. വി. പി. സീമന്തിനി, ഗവർമെന്റ് പ്ലീഡർ ഫോറെസ്റ്റ് അഡ്വ. സി. യു. സംഗീത്, പി എൽ ഡബ്ല്യൂ എഫ് നാഷണൽ പ്രസിഡന്റ് സുമേഷ് കൃഷ്ണ, ആർ. ശ്യാം ശങ്കർ, അഡ്വ. ഇ. എം. സുനിൽകുമാർ, പി. ഡി. സുനിൽ ബാബു (ആർ ടി ഓ എൻഫോഴ്സ്മെന്റ് സൗത്ത് സോൺ റിട്ട.) പ്രൊഫ. ഡോ. എസ്. മുത്തുകുമാരൻ, മുൻ ജില്ല ജഡ്ജ്, അഡ്വ. സുന്ദരൻ ഗോവിന്ദ്, മുൻ ജില്ല ജഡ്ജ്, അഡ്വ. എൻ. ലീലമാണി, പ്രൊഫ. ഡോ. പി. കെ. ജയകുമാരി തുടങ്ങിയവർ സംസാരിച്ചു .



# ഇരട്ട ഡോക്ടറൽ ബിരുദ കോഴ്സ്: ഐഐഎം സമ്പൽപൂർ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഐഐഎം സമ്പൽപൂർ ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കായുള്ള ഇരട്ട ബിരുദ എക്സിക്യൂട്ടീവ് പിഎച്ച്ഡി, ഡിബിഎ കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

ഫ്രാൻസിലെ ഐഎഇ ബോർഡക്സ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മാനേജുമെൻറുമായി സഹകരിച്ചാണിതു നടത്തുക. ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്ക് ഉതകുന്ന വിധത്തിലാണ് ഈ മൂന്നു വർഷം ഇരട്ട ബിരുദ കോഴ്സ് രൂപകൽപന ചെയ്തിരിക്കുന്നത്. ജൂൺ 15 വരെ അപേക്ഷ സമർപ്പിക്കാം.

അന്താരാഷ്ട്ര നിലവാരത്തിലെ ഗവേഷണ രീതികൾ സ്വായത്തമാക്കാൻ പിന്തുണ നൽകുന്നതു കൂടിയാണ് ഈ കോഴ്സെന്ന് ഐഐഎം സമ്പൽപൂർ ഡയറക്ടർ പ്രൊഫ. മഹാദിയോ ജെയ്സ്വാൾ പറഞ്ഞു.

ബിരുദാനന്തര ബിരുദവും അഞ്ചു വർഷത്തെ പ്രവർത്തന പരിചയവുമുള്ളവർക്ക് അപേക്ഷിക്കാം.

# ഭക്ഷ്യയോഗ്യമായ ഫോർക്കുമായി മാഗി




**കൊച്ചി:** ഒറ്റത്തവണ ഉപയോഗിച്ച് ഉപേക്ഷിച്ചുകളയുന്ന പ്ലാസ്റ്റിക്കിന് പകരമായി ഭക്ഷ്യയോഗ്യമായ ഫോർക്ക് അവതരിപ്പിച്ചിരിക്കുകയാണ് മാഗി.

ഗോതമ്പ് പൊടിയാൽ നിർമിച്ചിരിക്കുന്ന ഈ നൂതനമായ ഫോർക്ക് മാഗിയുടെ രുചി അനുഭവത്തെ കൂടുതൽ മനോഹരമായ അനുഭവമാക്കിമാറ്റുമെന്ന് നെസ്ലെ സെന്റർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഹെഡ് ജഗ്ദീപ് മരാഹർ പറഞ്ഞു.

തങ്ങളുടെ ഗ്ലോബൽ പാക്കേജിംഗ് വൈദഗ്ധ്യവും പ്രാദേശിക പാക്കേജിംഗ് വിദഗ്ധരുടെ അഭിപ്രായങ്ങളും ഒരുമിച്ച് ചേരുമ്പോൾ പ്ലാസ്റ്റിക്കിന്റെ അളവ് കുറയ്ക്കുന്നതിനായുള്ള നൂതന മാർഗങ്ങൾ കണ്ടെത്തുവാൻ ഞങ്ങൾക്ക് സാധിക്കുന്നു.

പുതിയ പാക്കേജിംഗ് മെറ്റീരിയലുകളും , നൂതന സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തിക്കൊണ്ട് ലോകത്തെങ്ങുമുള്ള പ്ലാസ്റ്റിക് ഉപഭോഗത്തിൽ ഗണ്യമായ കുറവ് വരുത്തുവാൻ ഞങ്ങളുടെ ടീം എപ്പോഴും പരിശ്രമിക്കുന്നു.

പ്ലാസ്റ്റിക്കിന് ബദലായുള്ള ഇത്തരം മാർഗങ്ങൾ ഞങ്ങളുടെ പ്രാദേശിക ഉപഭോക്താക്കൾ സ്വീകരിക്കുകയും ചെയ്യുന്നുവെന്നും ജഗ്ദീപ് മരാഹർ പറഞ്ഞു.

നിലവിൽ പ്രധാനപ്പെട്ട മെട്രോ നഗരങ്ങളിൽ മാഗി മസാല കപ്പ ന്യൂഡിൽസും ഭക്ഷ്യയോഗ്യമായ ഫോർക്കും ലഭ്യമാണ്. 79.5 ഗ്രാമിന്റെ പാക്കിന് 50 രൂപ മുതലാണ് വില.

# എം. കെ. സാനു ഗുരുപ്രസാദ പുരസ്കാരം സമർപ്പണം ജൂൺ എട്ടിന്

**കൊച്ചി:** തലമുറകളുടെ ഗുരുനാഥനും കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക സാഹിത്യ മണ്ഡലങ്ങളിൽ നിറസാന്നിധ്യവുമായ എം. കെ. സാനു മാസ്റ്ററുടെ പേരിൽ എം. കെ. സാനു ഫൗണ്ടേഷൻ ഏർപ്പെടുത്തിയിട്ടുള്ള 2024ലെ ഗുരുപ്രസാദ പുരസ്കാരം കേരളത്തിന്റെയും ഇന്ത്യയുടെ തന്നെയും അഭിമാനമായ ഐ. എസ്.ആർ.ഒ. ചെയർമാൻ ഡോ. എസ്. സോമനാഥിന് ജൂൺ എട്ടിന് വൈകിട്ട് 5. 30ന് ചാവറ കൾച്ചറൽ സെൻറർ നടക്കുന്ന ചടങ്ങിൽ സമർപ്പിക്കുന്നു.

ചാവറ കൾച്ചറൽ സെന്ററിന്റെയും സാനു ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന പുരസ്കാര സമർപ്പണ ചടങ്ങ് കേരള ഹൈക്കോടതി ജഡ്ജ്, ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. എം.കെ.സാനു മാസ്റ്റർ പുരസ്കാരം സമർപ്പണം നടത്തും.

ഫൗണ്ടേഷൻ ചെയർമാൻ എം. തോമസ് മാത്യു, ചാവറ കൾച്ചറൽ സെൻറർ ഡയറക്ടർ ഫാ.അനിൽ ഫിലിപ്പ് സി. എം. ഐ., പി. ജെ. ചെറിയാൻ, രഞ്ജിത്ത് സാനു എന്നിവർ പ്രസംഗിക്കും.

# കുസാറ്റ്: നൂറ് ശതമാനം പ്ലേസ്മെൻറിലേക്ക് ബി ടെക് നേവൽ ആർക്കിടെക്ചർ വിഭാഗം വിദ്യാർത്ഥികൾ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഷിപ്പ് ടെക്നോളജി വകുപ്പിൽ ബി.ടെക് നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗ് അവസാന വർഷ പ്ലേസ്മെന്റ് നൂറ് ശതമാനത്തിലേക്ക് എത്തുന്നു. ബി.ടെക് നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗ് കോഴ്സിന്റെ നാല്പത്തി അഞ്ചാം ബാച്ച് ആണ് ഇപ്പോൾ പുറത്തിറങ്ങുന്നത്. ഇത്തവണ കോഴ്സ് പൂർത്തിയാക്കിയ 38 വിദ്യാർത്ഥികളിൽ 36 പേർക്കും പ്ലേസ്മെന്റ്റ് ലഭിച്ചു, അതായത് 95 ശതമാനം പ്ലേസ്മെന്റ്റ് എന്ന നിലയിലേക്ക് എത്തിക്കഴിഞ്ഞു. പ്രശസ്തമായ കമ്പനികൾ വരും ദിവസങ്ങളിൽ പ്ലേസ്മെന്റിന് എത്തുന്നതോടെ കഴിഞ്ഞ നാലര പതിറ്റാണ്ടായി തുടർന്ന് പോരുന്ന നൂറ് ശതമാനം പ്ലേസ്മെന്റ് നേട്ടം നിലനിർത്താൻ ഇത്തവണയും ഷിപ്പ് ടെക്നോളജിക്ക് സാധിക്കും. ഈ വർഷം ഏറ്റവും ഉയർന്ന വാർഷിക ഓഫർ 29.83 ലക്ഷം രൂപയും ശരാശരി ഓഫർ 9.79 ലക്ഷം രൂപയുമാണ്. ഇത് കഴിഞ്ഞ വർഷം യഥാക്രമം 17.3 ലക്ഷം രൂപയും 8.3 ലക്ഷം രൂപയുമായിരുന്നു. ഡിസൈൻ ആൻഡ് കൺസൾട്ടൻസി, ക്ലാസ്സിഫിക്കേഷൻ സൊസൈറ്റി, ഷിപ്പ് യാർഡ് , ഹെവി ലിഫ്റ്റ്, ഡ്രട്ജിംഗ്, ഓയിൽ ആൻഡ് ഗ്യാസ് എന്നീ മേഖലകളിലുള്ള ലോക പ്രശസ്തമായ കമ്പനികളിലാണ് വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുള്ളത്. 35 ശതമാനം പേർ യു.എ.ഇ യിലും, 30 ശതമാനം പേർ കൊച്ചിയിലും, 30 ശതമാനം പേർ മുംബൈയിലും, 5 ശതമാനം പേർ ചെന്നൈയിലുമാണ് ജോലിയിൽ പ്രവേശിക്കുക. ഇന്ത്യൻ നേവിയിൽ കേഡറ്റുകൾ ആയി പ്രവേശിച്ചു, ബി.ടെക് നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗ് കോഴ്സ് കുസാറ്റിൽ നിന്നും ഈ വർഷം വിജയകരമായി പൂർത്തിയാക്കിയ 10 പേരും ഷിപ്പ് ടെക്നോളജി വകുപ്പിൽ നിന്നും പുറത്തിറങ്ങുന്നുണ്ട്. അവർ ഇന്ത്യൻ നേവിയിൽ സബ് ലെഫ്റ്റനന്റ് പദവിയിലാണ് ക്യാമ്പസ് വിടുന്നത്.

ഷിപ്പ് ടെക്നോളജി വകുപ്പ് മേധാവി ഡോ.പി.കെ. സതീഷ് ബാബുവിന്റെ കീഴിൽ അരവിന്ദ് കെ. ആർ., അനൂപ് ചിത്രസേനൻ എന്നീ ഫാക്കൽറ്റി പ്ലേസ്മെൻറ് കോഡിനേറ്റേഴ്സും ആദർഷ് ടി.ഒ., വിഷ്ണു.പി.എ, ശിവ എസ്. മോഹൻ, അഭിഷേക് ശങ്കർ സ്റ്റുഡന്റ് പ്ലേസ്മെൻറ് കോഡിനേറ്റേഴ്സും ചേർന്നാണ് പ്ലേസ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

നാക് എ പ്ലസ് പദവിയുള്ള കുസാറ്റിൻറെ ഷിപ്പ് ടെക്നോളജി വകുപ്പിന് കീഴിലുള്ള ബി ടെക് നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗ് പ്രോഗ്രാമിന് എൻ.ബി.എ. ടയർ വൺ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

എൻ.ബി.എ. ടയർ വൺ അക്രെഡിറ്റേഷൻ ലഭിച്ച ഇന്ത്യയിലെ ആദ്യത്തെ നേവൽ ആർക്കിടെക്ചർ പ്രോഗ്രാം ആണ് കുസാറ്റിലേത്. നേരത്തെ ഇന്ത്യൻ നേവൽ അക്കാഡമി, ലണ്ടൻ കേന്ദ്രമായുള്ള റോയൽ ഇന്സ്ടിട്യൂഷൻ ഓഫ് നേവൽ ആർകിടെക്ട്സ് (റിന) എന്നിവയുടെ അംഗീകാരവും കുസാറ്റ് ഷിപ്പ് ടെക്നോളജിയിലെ ബി ടെക് നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗ് പ്രോഗ്രാമിന് ലഭിച്ചിട്ടുണ്ട്.

കുസാറ്റ് ക്യാറ്റ് എൻട്രൻസിലെ ഏറ്റവും ഉയർന്ന റാങ്കുകാർക്കാണ് ബി ടെക് നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗ് പ്രോഗ്രാമിന് വർഷങ്ങളായി പ്രവേശനം ലഭിക്കുന്നത്. 1974 ഇൽ സ്ഥാപിതമായ കുസാറ്റ് ഷിപ്പ് ടെക്നോളജി വകുപ്പ് ഈ അധ്യയന വർഷം സുവർണ്ണ ജൂബിലി വർഷമായി ആഘോഷിക്കാനുള്ള തയ്യാറെടുപ്പിലാണ്.



# തൃശൂർ മാനേജ്മന്റ് അസോസിയേഷന്റെ പരിസ്ഥിതി സെമിനാറിൽ ഹരിത അവാർഡുകൾ സമ്മാനിച്ചു

**തൃശൂർ:** ലോക പരിസ്ഥിതി ദിന ത്തോടനുബന്ധിച്ചു ടി.എം.എ, അക്വാസ്റ്റാർ ഗ്രൂപ്പ് ഗ്രീൻ ഹരിത അവാർഡുകൾ രാജേഷ് അടക്കാപുത്തൂരിനും, മനോജ് കുമാറിനും തൃശൂർ ഡിവിഷണൽ ഫോറെസ്റ്റ് ഓഫീസർ ശ്രീ. രവികുമാർ മീണ നൽകുന്നു. സമീപം ദാമോദർ മേനോൻ, സിജോ പൊന്നൂർ, രഞ്ജിത്ത് കുമാർ, ടി.എം.എ സെക്രട്ടറി മധു എ.പി, ഡോ. കെ. സി. ചാക്കോ , ടി.എം.എ പ്രസിഡന്റ് ജിയോ ജോബ്, വർഗീസ് തരകൻ, സീനിയർ വൈസ് പ്രസിഡന്റ് ടി. ആർ . അനന്തരാമൻ

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു മാലിന്യം നിറഞ്ഞു വറ്റിപ്പോയ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മഴവെള്ളം ശുദ്ധികരിച്ചു സംഭരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്ന അക്വാസ്റ്റാർ ഗ്രൂപ്പും, തൃശൂർ മാനേജ്മന്റ് അസോസിയേഷനും സംയുകതമായി തൃശൂർ ദാസ് കോണ്ടിനെറ്റലിൽ വെച്ച് നടത്തിയ പരിസ്ഥിതി സെമിനാറിൽ തൃശൂർ ഡിവിഷണൽ ഫോറെസ്റ്റ് ഓഫീസർ ശ്രീ. രവി കുമാർ മീണ മുഖ്യ പ്രഭാഷണം നടത്തി. കെ. എഫ്. ആർ. ഐ റീജിയണൽ ഡയറക്ടർ ഡോ. കെ.സി ചാക്കോ, ആയുർ ജാക് ഫാം ഉടമ ശ്രീ. വർഗീസ് തരകൻ, അക്വാസ്റ്റാർ എം.ഡി സിജോ പോണൂർ എന്നിവർ സംസാരിച്ചു.

ടി.എം.എ പ്രസിഡന്റ് ജിയോ ജോബ്, സെക്രട്ടറി മധു എ.പി, സീനിയർ വൈസ് പ്രസിഡന്റ് ആർ . അനന്തരാമൻ എന്നിവർ സംസാരിച്ചു.


ചടങ്ങിൽ ഈ വർഷത്തെ ടി.എം.എ, അക്വാസ്റ്റാർ ഗ്രൂപ്പ് ഗ്രീൻ ഹരിത അവാർഡുകൾ പാർസ്ഥിതി പ്രവർത്തകരായ ചേർപ്പുളശേരി അടക്കാപുത്തൂർ സംസ്കൃതിയുടെ അമരക്കാരനായ രാജേഷ്, വൈപ്പിൻ ഐ.ബി സർവീസസിന്റെ മനോജ് കുമാറിനും സമ്മാനിച്ചു

# വിജയ്‌യുടെ പോക്കിരി വീണ്ടും

ഇളയദളപതി വിജയ്,അസിൻ,പ്രകാശ് രാജ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി പ്രഭുദേവ സംവിധാനം ചെയ്ത സൂപ്പർ ഹിറ്റ് ചിത്രമായ പോക്കിരി ജൂൺ ഇരുപത്തിയൊന്നിന് വർണ്ണച്ചിത്ര റിലീസ് വീണ്ടും പ്രദർശനത്തിനെത്തിക്കുന്നു.കനകരത്ന മൂവീസിന്റെ ബാനറിൽ എസ്.സത്യരാമമൂർത്തി നിർമ്മിച്ച് 2007ൽ റിലീസായ 'പോക്കിരി ' ഇപ്പോൾ ആധുനിക സാങ്കേതിക ഡിജിറ്റൽ മികവോടെ ഫോർകെ ഡോൾബി അറ്റ്മോസിലാണ് അവതരിപ്പിക്കുന്നത്.പുരി ജഗന്നാഥ് കഥ തിരക്കഥയെഴുതിയ ഈ ചിത്രത്തിന്റെ സംഭാഷണം വി പ്രഭാകറിന്റേതാണ്.

ഛായാഗ്രഹണം നീരവ് ഷാ,എഡിറ്റർ ശ്രീകർ പ്രസാദ്,സംഗീതം മണി ശർമ്മ,സ്റ്റിൽസ് ചിത്രാസ്,ഡിസൈൻ ഗോപൻ,പി ആർ ഒഎ എസ് ദിനേശ്.




## സുരേഷ് ഗോപിയുടെ ജെ.എസ്.കെ

സുരേഷ് ഗോപി, അനുപമ പരമേശ്വരൻ എന്നിവരെ കേന്ദ്രകഥാപാത്രങ്ങളാക്കി പ്രവീൺ നാരായണൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ' ജെ.എസ്.കെ ' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.

മാധവ് സുരേഷ്, ശ്രുതി രാമചന്ദ്രൻ, ദിവ്യാ പിള്ള, അസ്കർ അലി, ബൈജു സന്തോഷ്,യദു കൃഷ്ണൻ, രജത് മേനോൻ, അഭിഷേക് രവീന്ദ്രൻ, കോട്ടയംരമേശ്,ജയൻചേർത്തല,നിസ്താർ സേട്ട്, ഷോബി തിലകൻ, ദിലീപ് മേനോൻ, വൈഷ്ണവി രാജ്, അപർണ, രതീഷ് കൃഷ്ണൻ, ജയ് വിഷ്ണു, ഷഫീർ ഖാൻ, ജോസ് ചെങ്ങന്നൂർ, മഞ്ജുശ്രീ എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ.കോസ്മോസ് എന്റർടൈയ്ൻമെന്റ്,ഇഫാർ മീഡിയ എന്നീ ബാനറിൽ ജെ ഫനിന്ദ്ര,റാഫി മതിര എന്നിവർ ചേർന്ന

നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം രണദിവേ നിർവ്വഹിക്കുന്നു.കോറൈറ്റർ ജയ് വിഷ്ണു, എഡിറ്റർ സംജിത് മുഹമ്മദ്.ലൈൻ പ്രൊഡ്യൂസർ സജിത് കൃഷ്ണ, പ്രൊഡക്ഷൻ കൺട്രോളർ മോഹൻ(അമൃത)കല ജയൻ ക്രയോൺ, മേക്കപ്പ്പ്രദീപ് രംഗൻ,വസ്ത്രാലങ്കാരം അരുൺ മനോഹർ,സ്റ്റിൽസ് ജെഫിൽ,സൗണ്ട് ഡിസൈൻ അരുൺ വർമ്മ, ചീഫ് അസോസിയേറ്റ് ഡയറക്ടർ രാജേഷ് അടൂർ, അസോസിയേറ്റ് ഡയറക്ടർ ബിച്ചു,സവിൻ സാ, അസിസ്റ്റന്റ് ഡയറക്ടർ രാഹുൽ വി നായർ,അമ്മു മറിയ അലക്സ്, ഫിനാൻസ് കൺട്രോളർ എം കെ ദിലീപ് കുമാർ, വിതരണം ഡ്രീം ബിഗ് ഫിലിംസ്,പി ആർ ഒഎ എസ് ദിനേശ്.

## വാഴ




വാഴ ബയോപിക് ഓഫ് എ ബില്ല്യൺ ബോയ്സ്' ഫസ്റ്റ്ലുക്ക് പോസ്റ്റർ റിലീസായി.ആനന്ദ് മേനോൻ സംവിധാനം ചെയ്യുന്ന ചിത്രത്തിനു വേണ്ടി ജയ ജയ ജയ ജയ ഹേ, ഗുരുവായൂരമ്പല നടയിൽ' എന്നീ ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങളിലൂടെ ഏറെ ശ്രദ്ധേയനായ സംവിധായകൻ വിപിൻ ദാസാണ് രചന നിർവ്വഹിച്ചിരിക്കുന്നത്. പുതുമുഖങ്ങൾക്ക് ഏറെ പ്രാധാന്യം നൽകി ഒരുക്കുന്ന സിനിമയുടെ ചിത്രീകരണം പൂർത്തിയായി ഉടൻ റിലീസിന് ഒരുങ്ങുകയാണ്. സോഷ്യൽ മീഡിയയിലെ താരങ്ങളായ സിജു സണ്ണി, സാഫ് ബോയ്, ജോയ്മോൻ ജ്യോതിർ, ഹാഷിർ, അലൻ, വിനായക്, അജിൻ ജോയ് തുടങ്ങിയവരാണ് വാഴയിലെ കേന്ദ്ര കഥാപാത്രങ്ങളായി എത്തുന്നത്.WBTS പ്രൊഡക്ഷൻസ്, ഇമാജിൻ സിനിമാസ്, ഐക്കൺ സ്റ്റുഡിയോസ്, സിഗ്നചർ സ്റ്റുഡിയോസ് എന്നീ ബാനറുകളിൽ വിപിൻ ദാസ്, ഹാരിസ് ദേശം, പി ബി അനീഷ്, ആദർശ് നാരായൺ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം അരവിന്ദ് പുതുശ്ശേരി നിർവ്വഹിക്കുന്നു. ചീഫ് അസ്സോസിയേറ്റ് ശ്രീലാൽ, എഡിറ്റർ കണ്ണൻ മോഹൻ, പ്രൊഡക്ഷൻ കൺട്രോളർ റിന്നി ദിവാകരൻ, കല ബാബു പിള്ള, മേക്കപ്പ് സുധി സുരേന്ദ്രൻ, കോസ്റ്റ്യൂംസ് അശ്വതി ജയകുമാർ, സ്റ്റിൽസ് അമൽ ജെയിംസ്, പരസ്യകല യെല്ലോ ടൂത്ത്സ്, ടൈറ്റിൽ ഡിസൈൻ സാർക്കാസനം, സൗണ്ട് ഡിസൈൻ അരുൺ എസ് മണി, സൗണ്ട് മിക്സിങ് വിഷ്ണു സുജാതൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അനീഷ് നന്തിപുലം, സംഘടനം കലൈ കിങ്സൺ, ഓൺലൈൻ മാർക്കറ്റിംഗ് ടെൻ ജി മീഡിയ,പി ആർ ഒ എ എസ് ദിനേശ്.

## ചിത്തിനി




അമിത്ത് ചക്കാലക്കൽ, വിനയ് ഫോർട്ട്, മോക്ഷ, പുതുമുഖങ്ങളായ ആരതി നായർ, എനാക്ഷി എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ഈസ്റ്റ് കോസ്റ്റ് വിജയൻ സംവിധാനം ചെയ്യുന്ന ചിത്തിനിയുടെ ഒഫീഷ്യൽ ടീസർ റിലീസായി.ബിഗ് ബഡ്ജറ്റിൽ, ഹൊറർ ഫാമിലി ഇമോഷണൽ ത്രില്ലർ വിഭാഗത്തിലൊരുങ്ങുന്ന ചിത്തിനി ഈസ്റ്റ് കോസ്റ്റ് കമ്മ്യൂണിക്കേഷൻസാണ് നിർമ്മിക്കുന്നത്. കെ വി അനിലിന്റെ കഥയ്ക്ക് ഈസ്റ്റ് കോസ്റ്റ് വിജയനും, കെ വി അനിലും ചേർന്നാണ് തിരക്കഥയും സംഭാഷണവും.ഈസ്റ്റ് കോസ്റ്റ് വിജയൻ, സന്തോഷ് വർമ്മ, സുരേഷ് എന്നിവരുടെ വരികൾക്ക് രഞ്ജിൻ രാജ് സംഗീത സംവിധാനം നിർവ്വഹിക്കുന്നു.സത്യ പ്രകാശ്, ഹരി ശങ്കർ, കപിൽ കപിലൻ, സന മൊയ്തുട്ടി എന്നിവരാണ് ഗായകർ. ഈ ചിത്രത്തിലെ ഒരു ഫോക്ക് സോംഗിനായി വയനാട്ടിലെ നാടൻ പാട്ട് കലാകാരന്മാരും ഭാഗമായിട്ടുണ്ട്.ജോണി ആന്റണി, ജോയ് മാത്യൂ,സുധീഷ്, ശ്രീകാന്ത് മുരളി, ജയകൃഷ്ണൻ, മണികണ്ഠൻ ആചാരി, സുജിത്ത് ശങ്കർ,പ്രമോദ് വെളിയനാട്,രാജേഷ് ശർമ്മ,ഉണ്ണിരാജ, അനൂപ് ശിവസേവൻ, കൂട്ടിക്കൽ ജയചന്ദ്രൻ, ജിബിൻ ഗോപിനാഥ്, ജിതിൻ ബാബു,ശിവ ദാമോദർ,വികാസ്, പൗളി വത്സൻ,അമ്പിളി അംബാലി എന്നിവരാണ് താരങ്ങൾ.ഛായാഗ്രഹണംരതീഷ് റാം,എഡിറ്റിംഗ് ജോൺകുട്ടി,മേക്കപ്പ് രഞ്ജിത്ത് അമ്പാടി, വസ്ത്രാലങ്കാരം ധന്യ ബാലകൃഷ്ണൻ, കലാസംവിധാനം സുജിത്ത് രാഘവ്.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ രാജശേഖരൻ. കോറിയോഗ്രാഫി കല മാസ്റ്റർ,സംഘട്ടനം രാജശേഖരൻ, ജി മാസ്റ്റർ,വി എഫ് എക്സ് നിധിൻ റാം സുധാകർ, സൗണ്ട് ഡിസൈൻ സച്ചിൻ സുധാകരൻ, സൗണ്ട് മിക്സിംഗ്വിപിൻ നായർ,പ്രൊഡക്ഷൻ കൺട്രോളർ രാജേഷ് തിലകം,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ഷിബു പന്തലക്കോട്,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ സുഭാഷ് ഇളമ്പൽ, അസ്സോസിയേറ്റ് ഡയറക്ടേഴ്സ് അനൂപ് ശിവസേവൻ,അസിം കോട്ടൂർ,സജു പൊറ്റയിൽ കട, അനൂപ്,പോസ്റ്റർ ഡിസൈനർ കോളിൻസ് ലിയോഫിൽ, കാലിഗ്രാഫികെ പി മുരളീധരൻ, സ്റ്റിൽസ് അജി മസ്കറ്റ്, പി ആർ ഓഎ എസ് ദിനേശ്.

# മുത്തൂറ്റ് മൈക്രോഫിൻ എസ്ബിഐ കോലെൻഡിങ്

**കൊച്ചി:** മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ച് വായ്പകൾ നൽകുന്നതിനുള്ള സഹകരണത്തിനു തുടക്കം കുറിച്ചു. ഇതിൻറെ ഭാഗമായി രാജ്യത്തെ ഗ്രാമങ്ങളിലേയും ചെറു പട്ടണങ്ങളിലേയും വനിതാ സംരംഭകർക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുകയാണ് മുത്തൂറ്റ് മൈക്രോഫിൻ ലക്ഷ്യമിടുന്നതെന്ന് മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ തോമസ് മുത്തൂറ്റ് പറഞ്ഞു. കൃഷിഅനുബന്ധ മേഖലകളിലും വരുമാനം സൃഷ്ടിക്കുന്ന മറ്റു മേഖലകളിലും വാപൃതരായിട്ടുള്ള വനിതകളുടെ ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (ജെഎൽജി) മുത്തൂറ്റ് മൈക്രോഫിനും എസ്ബിഐയും തമ്മിലുള്ള ഈ ധാരണയുടെ ഭാഗമായി വായ്പ നൽകും. 10,000 രൂപ മുതൽ 3 ലക്ഷം രൂപ വരെയായിരിക്കും വായ്പ ഇത് ഗ്രാമീണ മേഖലകളിൽ നിന്നുള്ള വനിതാ സംരംഭകർക്ക് ഗണ്യമായ ഉത്തേജനം നൽകുന്നു.സുസ്ഥിര വളർച്ച കൈവരിച്ചു കൊണ്ടിരിക്കുന്ന ഇന്ത്യയിലെ മൈക്രോഫിനാൻസ് രംഗത്തെ മാറ്റങ്ങൾക്ക് മുന്നിൽ തങ്ങളുണ്ടെന്നതിൽ അഭിമാനമുണ്ടെന്നും തോമസ് മുത്തൂറ്റ് പറഞ്ഞു. ഗ്രാമീണ വനിതകളുടെ വൈവിധ്യമാർന്ന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റും വിധം തങ്ങളുടെ പ്രവർത്തന മേഖല വിപുലമാക്കാൻ എസ്ബിഐയുമായുള്ള സഹകരണം സഹായിക്കുമെന്നും, സംരംഭകത്വ പാതയിലെ വനിതകൾക്ക് വായ്പകളും പിന്തുണയും നൽകുകയെന്നതാണ് ഈ സഹകരണത്തിലൂടെ തങ്ങൾ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.താഴേത്തട്ടിലുള്ള വനിതകളെ കേന്ദ്രീകരിച്ചു മുന്നോട്ടു പോകുകയും വനിതാ സംരംഭകത്വം പ്രോൽസാഹിപ്പിക്കുകയുമാണ് മുത്തൂറ്റ് മൈക്രോഫിൻ ഉദ്ദേശിക്കുന്നതെന്ന് മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് സിഇഒ സദാഫ് സയീദ് പറഞ്ഞു. നവീനവും ചെലവു കുറഞ്ഞതുമായ പദ്ധതികൾ തങ്ങളുടെ ഉപഭോക്തൃനിരയ്ക്കു നൽകാൻ തങ്ങൾ തുടർച്ചയായി ശ്രമിക്കുകയാണ്. തങ്ങളുടെ ഉപഭോക്താക്കളായ വനിതാ സംരംഭകരുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിലെ സേവനം ലഭ്യമാക്കാൻ എസ്ബിഐയുമായുള്ള സഹകരണം സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ആശിർവാദ് മൈക്രോ ഫിനാൻസ്: സതീശ് നായർ പ്രസിഡൻ്റ് ആൻ്റ് സിഇഒ



**കൊച്ചി:** തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആശിർവാദ് മൈക്രോ ഫിനാൻസിന്റെ പ്രസിഡന്റ് ആന്റ് സിഇഒ ആയി സതീശ് നായർ നിയമിതനായി. വാസ്തു ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ട്രഷറി, കോർപ്പറേറ്റ് വിഭാഗങ്ങളുടെ തലവനായി പ്രവർത്തിച്ച സതീശിന്, വായ്പ, ബിസിനസ് വികസനം, നിക്ഷേപക ബന്ധങ്ങൾ, സ്ഥിരവരുമാന ഗവേഷണം, മാർക്കറ്റിംഗ് തുടങ്ങിയ മേഖലയിൽ വർഷങ്ങളുടെ പ്രവൃത്തി പരിചയമുണ്ട്. ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളായ ഫിച്ച് റേറ്റിംഗ്, ഇന്ത്യ റേറ്റിംഗ് ആന്റ് റിസർച്ച്, ബ്രിക്ക് വർക്ക് റേറ്റിംഗ് എന്നിവയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മുംബൈ സർവകലാശാലയിൽ നിന്നും ബിസിനസ് മാനേജ്മെന്റിൽ ബിരുദം നേടിയിട്ടുണ്ട്. ആശിർവാദ് മൈക്രോ ഫിനാൻസിന്റെ സുസ്ഥിര ബിസിനസ് വളർച്ചയ്ക്ക് സതീശിന്റെ നേതൃത്വ മികവ് മുതൽകൂട്ടാകുമെന്ന് ആശിർവാദ് മൈക്രോ ഫിനാൻസ് ചെയർമാൻ വി പി നന്ദകുമാർ പറഞ്ഞു.

# കവി എസ് രമേശൻ നായർ പുരസ്കാരം ഡോ. വി. നവ്യയ്ക്ക്

**കൊച്ചി:** അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന എസ് രമേശൻ നായർ സ്മാരക കവിതാരചനാ മത്സരത്തിൽ ഡോക്ടർ വി. നവ്യ( രാമനാട്ടുകര, മലപ്പുറം) യുടെ കിനാവ് എന്ന കൃതി പ്രഥമ സ്ഥാനം കരസ്ഥമാക്കി.വിജയകുമാർ മിത്രാക്കമഠ( തിരുവല്ല) മെഴുതിയ കണിക്കൊന്ന പൂക്കുന്ന കാലത്തിനാണ് രണ്ടാം സ്ഥാനം. തെരഞ്ഞെടുത്ത 70 കൃതികൾ ചേർത്ത് പുസ്തകമായി പ്രസിദ്ധീകരിക്കും. പുരസ്കാരം ജൂലൈ മാസം ആദ്യവാരത്തിൽ എറണാകുളത്ത് വച്ച് സമ്മാനിക്കും.

# കാൻഡിയറിന്റെ 15 ശതമാനം ഓഹരികൾ കൂടി കല്യാൺ ജൂവലേഴ്സിന്

**കൊച്ചി:** കല്യാൺ ജൂവലേഴ്സിൻറെ ലൈഫ് സ്റ്റൈൽ ബ്രാൻഡായ കാൻഡിയറിൻറെ 15 ശതമാനം ഓഹരികൾ കൂടി കല്യാൺ ജൂവലേഴ്സ് സ്വന്തമാക്കി. കാൻഡിയറിൻറെ സ്ഥാപകൻ രൂപേഷ് ജെയിനിൻറെ പക്കൽ അവശേഷിച്ച ഓഹരികളാണ് നാൽപ്പത്തി രണ്ട് കോടി രൂപയ്ക്ക് കല്യാൺ ജൂവലേഴ്സ് വാങ്ങിയത്. ഇതോടെ കല്യാൺ ജൂവലേഴ്സിൻറെ പൂർണ സബ്സിഡിയറിയായി കാൻഡിയർ മാറും.2017ലാണ് കല്യാൺ ജൂവലേഴ്സ് കാൻഡിയറിൻറെ ഭൂരിഭാഗം ഓഹരികളും സ്വന്തമാക്കി ഇകൊമേഴ്സ് ബിസിനസ് രംഗത്തേയ്ക്ക് പ്രവേശിച്ചത്. ഓൺലൈൻ ആഭരണവിൽപ്പനയുമായി 2013ൽ തുടക്കമിട്ട കാൻഡിയറിനെ കല്യാൺ ജൂവലേഴ്സ് സ്വന്തമാക്കിയതോടെ മികച്ച വളർച്ചയാണ് സ്ഥാപനത്തിനുണ്ടായത്. 202324 സാമ്പത്തികപർഷത്തിൽ കാൻഡിയറിൻറെ വാർഷിക വരുമാനം 130.3 കോടി രൂപയായിരുന്നു.ഉപയോക്താക്കളുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് ഹൈപ്പർലോക്കൽ ഉപയോക്തൃ ബ്രാൻഡായി വളരാൻ സാധിക്കുമെന്ന് കല്യാൺ ജൂവലേഴ്സ് തെളിയിച്ചു കഴിഞ്ഞെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. കാൻഡിയറിലൂടെ ആഭരണ വ്യവസായ രംഗത്ത് ലൈറ്റ് വെയ്റ്റ്, ഫാഷൻ ഫോർവേഡ്, ആഗോളതലത്തിൽ താത്പര്യമുള്ള രൂപകൽപ്പനകൾ എന്നീ രംഗങ്ങളിലേക്ക് കടന്നുചെല്ലാനാണ് ലക്ഷ്യമിടുന്നത്. കാൻഡിയറിനെ സവിശേഷമായ രീതിയിൽ വളർത്തിയെടുത്ത രൂപേഷ് ജെയിന് നന്ദി. ശ്രദ്ധേയമായ റീട്ടെയ്ൽ സാന്നിദ്ധ്യവുമായി അടുത്ത ഘട്ട വളർച്ചയാണ് ലക്ഷ്യമിടുന്നതെന്നും ടി.എസ്. കല്യാണരാമൻ പറഞ്ഞു.

# ഇന്ത്യൻ ജനാധിപത്യത്തിന്റെ വിജയം : കെസിബിസി

**കൊച്ചി:** ഓരോ മണ്ഡലത്തിലെയും ജനങ്ങളുടെ വികാരമാണ് അതാതു മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പുഫലം വ്യക്തമാക്കുന്നതെന്ന് കേരള കത്തോലിക്ക മെത്രാൻ സമിതി വർഷകാല സമ്മേളനം.ഇന്ത്യ എന്ന മഹത്തായ രാജ്യത്തിന്റെ ജനാധിപത്യ ബോധം എത്രമാത്രം ശക്തമാണെന്ന് പൊതുതിരഞ്ഞെടുപ്പിന്റെ ഫലം ഉയർത്തിക്കാണിക്കുന്നു.

വർഗീയ ധ്രുവീകരണങ്ങൾക്കോ വെറുപ്പിന്റെ പ്രബോധനങ്ങൾക്കോ സാധാരണക്കാരായ ഇന്ത്യൻ പൗരന്മാരിൽ വേർതിരിവുണ്ടാക്കാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധേയമാണ്. ഈ രാജ്യം മഹത്തായ സംസ്കാരത്തിൽ എല്ലാവരേയും ചേർത്തുപിടിക്കുന്ന രാജ്യമാണ്. എല്ലാവരും ഒത്തൊരുമയോടെ ഈ സംസ്കാരത്തെ ശക്തിപ്പെടുത്തണം. നാം വളരണം, ഒരു രാജ്യമായി. രാജ്യം ഒരു കാരണവശാലും വിഭജിതമാകരുത് എന്ന ബോധ്യം ഇന്ത്യൻ പൗരന്മാർക്ക് ഉണ്ട് എന്നതും തിരഞ്ഞെടുപ്പുഫലം വ്യക്തമാക്കുന്നു.

പൊതു തിരഞ്ഞെടുപ്പിൽ വിജയിച്ച എല്ലാ ജനപ്രതിനിധികളും ജനങ്ങളോടുള്ള അവരുടെ ഉത്തരവാദിത്തവും രാഷ്ട്രനിർമ്മാണത്തിലുള്ള ഔത്സുക്യവും പ്രകടമാക്കാനും ഈ അവസരം അവർ പ്രയോജനപ്പെടുത്തണം. ജനങ്ങളുടെ പൊതുവികാരം ഉൾക്കൊണ്ടുകൊണ്ട് രാജ്യത്തെ ഒന്നായി കാണാനും വിഭജനത്തിന്റെ എല്ലാ സാധ്യതകളെയും തള്ളിക്കളയാനും രാജ്യസുരക്ഷയ്ക്കും പൗരക്ഷേമത്തിനും വേണ്ടി യത്നിക്കാനും ഭരണഘടനയോട് വിധേയത്വം പുലർത്തുന്നതിനും രൂപീകൃതമാകുന്ന പുതിയ സർക്കാരിനു കഴിയട്ടെയെന്നും കെസിബിസി സമ്മേളനം വ്യക്തമാക്കി.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com